# പുതുക്കം പ്രാപിക്കുക

## എഫേസ്യർ 4:22-24

**"മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ."**

ഈ അദ്ധ്യായത്തിന്റെ തുടക്കം മുതൽക്കു തന്നെ അപ്പൊസ്തോലനായ പൗലോസ് പറഞ്ഞ് പ്രബോധിപ്പിക്കുന്നത് നല്ല നടപ്പിനെക്കുറിച്ചാണ്. അത് നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും, സൗമ്യതയോടും, ദീർഘക്ഷമയോടുംകൂടെ വേണമെന്നും, സ്നേഹത്തിൽ അന്യോന്യം പൊറുക്കയും, ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്യണമെന്നും പറഞ്ഞു വെയ്ക്കുന്നു. തുടർന്നു പറയുന്നു, ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുതെന്ന്.

പ്രിയരേ, നാം ഉൾപ്പെടെയുള്ള എല്ലാ മനുഷ്യരും നമ്മുടെ സുഖലോലുപത അന്വേഷിക്കുമ്പോൾ ദൈവം നമ്മിൽ പരമപ്രധാനമായി അന്വേഷിക്കുന്നത് നമ്മുടെ വ്യക്തിവൈശിഷ്ഠ്യമാണ്. അത് ഈ ലോകത്തിന്റെ തത്പര്യങ്ങൾക്കനുസരിച്ചുള്ളതല്ല, ദൈവോന്മുഖമായ വ്യക്തിവൈശിഷ്ഠ്യമാണ്. ഈ ഭൂമിയിൽ ജീവിക്കുവാൻ ആവശ്യമായതെല്ലാം ദൈവം നമുക്കായി ഒരുക്കി വെച്ചിട്ടുണ്ട്. അതാതു സമയങ്ങളിൽ നമുക്കത് തന്നുകൊണ്ടുമിരിക്കുന്നു. സുഖമായും, സൗമ്യമായും, ആരോഗ്യപരമായും നന്മകളനുഭവിച്ചു കൊണ്ട് ജീവിക്കുവാൻ നാം ഇഷ്ടപ്പെടുന്നതിൽ യാതോരു അപാകതയുമില്ല. ദൈവത്തിന് ആ കാര്യത്തിൽ എതിർപ്പുമില്ല. എന്നാൽ നമ്മുടെ വ്യക്തിത്വത്തെ ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുത്തുവാൻ ദൈവം നമ്മിൽ ക്രിയകൾ നടത്തുമ്പോൾ നാം അതിനോട് സഹകരിക്കുന്നില്ല എങ്കിൽ, അത് ദൈവത്തിന് ഒരു പ്രശ്നം തന്നെയാണ്. ദൈവം നമ്മെ മുന്നറിഞ്ഞതും, മുന്നിയമിച്ചതും അവന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപരാകാൻ വേണ്ടി തന്നെയാണെന്ന് തിരുവചനം നമ്മോട് പറയുന്നു.

പ്രിയ ദൈവപൈതലേ, ദൈവത്തിന്റെ ആത്യന്തികമായ ലക്ഷ്യം നമ്മുടെ സ്വഭാവരൂപീകരണമാകയാൽ ചില സമയങ്ങളിൽ ദൈവം നമ്മുടെ സുഖജീവിതത്തെ തടസ്സപ്പെടുത്തി എന്നു വന്നേക്കാം. അത് ഒരുപക്ഷെ നമുക്ക് രസിക്കാതെയും വരാം.

എന്നാൽ ഒരു കാര്യം നാം മറന്നു പോകരുത്, ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ഈ ലോകജീവിതം തങ്ങൾക്കുള്ളതല്ല; അത് ദൈവത്തിന്റെ ഹിതം തിരഞ്ഞ് അതിനായി ജീവിക്കുനതിനുവേണ്ടിയാണ്. അത് തിരിച്ചറിയുന്നവർക്കു മാത്രമേ നമ്മെ മെനഞ്ഞെടുക്കുവാൻ ദൈവകരങ്ങളിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. അപ്രകാരം രണ്ട് കാര്യങ്ങാൾക്കായി നാം നമ്മെ തന്നെ സമർപ്പിക്കേണ്ടിയിരിക്കുന്നു. ഒന്ന്, നമ്മിലെ പഴയ മനുഷ്യനെ ഉപേക്ഷിക്കുവാൻ, രണ്ട്, ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുവാൻ. ഈ ഒരു പ്രക്രിയയ്ക്കായി നമ്മുടെ സുഖലോലുപതകൾ ത്യജിക്കേണ്ടി വന്നാലും അതിന്നായി തയ്യാറാകുക. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

2 കൊരിന്ത്യർ 5:17

ഒരുത്തൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായിത്തീർന്നിരിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 168